File No.ADFW/7794/2021-IT2

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.**
**(ഹാജർ: സുഭാഷ് റ്റി.വി. ഐ.എ.എസ്.)**

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ഇ-ഗവേർണൻസ് - വിർചൽ ഐ.ടി. ടീം രൂപീകരിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച് -

പരാമർശം :- ഉത്തരവ്

**<u>ഉത്തരവ് നമ്പർ ADFW/7794/2021-IT2 തീയതി . 27/11/2021</u>**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും സേവനങ്ങളും ഓട്ടോമേറ്റ് ചെയ്യുന്നതിനും, ഇവയുടെ നിർവ്വഹണം , കാര്യക്ഷമവും, സുതാര്യവുമാക്കുന്നതിലൂടെ ഉദ്യോഗസ്ഥരുടെ ജോലിഭാരം കുറയ്ക്കുകയും , കർഷകർക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുകയുമാണ്. വകുപ്പ്, എൻ. ഐ. സി. മുഖേന വികസിപ്പിച്ചുവരുന്ന Agriculture Information Management System (AIMS) എന്ന പോർട്ടലിന്റെ പ്രധാന ഉദ്ദേശം. സംസ്ഥാന തലത്തിൽ, വകുപ്പിന്റെ ഐ ടി അധിഷ്ഠിത പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പ്, AIMS പോർട്ടലിന്റെ ഫലപ്രദമായ ഉപയോഗം , നടപ്പിലാക്കൽ തുടങ്ങിയ കാര്യങ്ങൾ യഥാസമയം നിർവ്വഹിക്കുന്നതിന് ഐ.ടി.ഡിവിഷന് പരിമിതികൾ ഉണ്ട്. കൂടാതെ AIMS പോർട്ടലിലൂടെ കൂടുതൽ സേവനങ്ങൾ, സമയ ബന്ധിതമായി കർഷകർക്ക് നൽകേണ്ടതുണ്ട്. ഇതിനാവശ്യമായ പ്രവർത്തനങ്ങളും, പരിശീലന പരിപാടികളും, 'ഹെല്പ് ഡസ്ക്' സപ്പോർട്ടും സംസ്ഥാനാടിസ്ഥാനത്തിൽ നിർവ്വഹിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ, മേൽ പറഞ്ഞ പ്രവർത്തനങ്ങൾക്കായി വകുപ്പിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി വിർചൽ ഐ ടി ടീം രൂപീകരിക്കുന്നതിന് വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ജില്ലാ, ബ്ലോക്ക് തലങ്ങളിൽ വിർചൽ ഐ ടി ടീമിന്റെ സേവനം വളരെ അത്യാവശ്യമാണ്.

വകുപ്പിന്റെ മുഴുവൻ പദ്ധതികളും ഉൾക്കൊള്ളുന്ന AIMS (അഗ്രികൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം) പോലെയുള്ള ഒരു സംവിധാനം വിജയിക്കണമെങ്കിൽ , ഈ സംവിധാനം കൃത്യതയോടെ ഒരുക്കുകയും, ഫീൽഡ് തലത്തിൽ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി അവരെ തയ്യാറാക്കുകയും ചെയ്യേണ്ടതുണ്ട്. ബൃഹത്തായ ഈ കർമ്മം നിർവ്വഹിക്കുവാൻ വകുപ്പുതലത്തിൽ വിപുലമായ ഒരു സംവിധാനം ആവശ്യമാണ് . 35 ലക്ഷത്തോളം വരുന്ന കർഷകരുടെ ആവശ്യങ്ങൾക്കനുസരിച്ചും, വിവിധ വിളകൾ, കാലാവസ്ഥ എന്നിവയ്ക്കനുസരിച്ചും രൂപപ്പെടുത്തിയിട്ടുള്ള പദ്ധതികൾ, ഓൺലൈൻ പ്രക്രിയയിലേക്ക് കൊണ്ട് വരുന്നതിനു, കൂടുതൽ സൂക്ഷ്മമായ ആവിഷ്കരണ രീതി ആവശ്യമാണ്. ഇതിന്റെ വിവിധ ഘട്ടങ്ങളിൽ ഫീൽഡ് തലത്തിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ , സഹകരണവും, നിർദ്ദേശങ്ങളും, ഒഴിച്ചുകൂടാനാവാത്തതാണ്. ആയതിനാൽ ജില്ലാ, ബ്ലോക്ക് തലത്തിൽ ഒരു വിർചൽ ഐ.ടി. ടീം രൂപീകരിച്ച് ഉത്തരവാകുന്നു.

**വിർച്വൽ ഐ ടി ടീമിന്റെ ടീമിന്റെ കർത്തവ്യങ്ങൾ**

- ഐ ടി ഡിവിഷനുമായി സദാ സമ്പർക്കം പുലർത്തിക്കൊണ്ട് വകുപ്പിലെ ഇ-ഗവർണൻസ് പ്രവർത്തനങ്ങളുടെ ഫലപ്രദമായ നിർവഹണത്തിന് ചുക്കാൻ പിടിക്കുക.
- ഇ-ഗവർണൻസിൻറെ ഭാഗമായി പുതുതായി തയ്യാറാകുന്ന ഓൺലൈൻ സംവിധാനങ്ങളെക്കുറിച്ച് മനസ്സിലാക്കി മറ്റുള്ളവർക്ക് കൂടെ പകർന്നു നൽകുന്ന ഒരു മാസ്റ്റർ ട്രെയ്നർ ആയി പ്രവർത്തിക്കുക.
- തന്റെ പ്രവർത്തന മണ്ഡലത്തിലുള്ള വകുപ്പിലെ ബന്ധപ്പെട്ട ജീവനക്കാരെ അവരവരുടെ കർത്തവ്യങ്ങൾ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരാക്കുക. അവർക്ക് ആവശ്യമായ പ്രചോദനം നൽകുക, സാങ്കേതികമായ സഹായങ്ങളും അറിവുകളും പകർന്നു നൽകുക.

**ഐ റ്റി ഡിവിഷൻ (സംസ്ഥാനതലം)**

കൃഷി അഡിഷണൽ ഡയറക്ടർ (എക്സ്റ്റൻഷൻ) ആയിരിക്കും വകുപ്പിൻറെ സംസ്ഥാന തലത്തിലുള്ള ഐ.ടി. പ്രവർത്തനങ്ങളുടെ മേൽനോട്ട ചുമതല. ഐ ടി ഡിവിഷനിലെ മറ്റു പ്രവർത്തനങ്ങളോടൊപ്പം വിർച്വൽ ഐ ടി ടീമിലെ അംഗങ്ങൾക്ക് വിജ്ഞാനവും ആവശ്യമായ സാങ്കേതിക സഹായങ്ങളും നൽകേണ്ടത് ഐ ടി ഡിവിഷനിലെ ഡൊമൈൻ എക്സ്പേർട്ട്സ് ആയ സാങ്കേതിക ഉദ്യോഗസ്ഥരാണ്. കൂടാതെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഐ ടി)-യുടെ നേതൃത്വത്തിൽ സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഹെൽപ്പ് ഡെസ്കും, വിർച്വൽ ഐ ടി ടീമിലെ അംഗങ്ങൾക്ക് വിജ്ഞാനവും ആവശ്യമായ സാങ്കേതിക സഹായങ്ങളും നൽകുന്നതാണ്.

**വിർച്വൽ ഐ ടി ടീമിന്റെ ടീമിന്റെ ഘടന**

**ജില്ലാ തലം**

ജില്ലാ തലത്തിൽ, കാർഷിക മേഖലയിൽ പരിചയവും, കമ്പ്യൂട്ടർ പരിജ്ഞാനവുമുള്ള രണ്ട് ഓഫീസർമാരെയും (ബ്ലോക്ക് തലത്തിൽ ഉൾപ്പെട്ടവർ ആകരുത്), പ്രിൻസിപ്പൽ കൃഷി ഓഫീസിലെ കമ്പ്യൂട്ടർ പരിജ്ഞാനവുമുള്ള രണ്ട് ഉദ്യോഗസ്ഥരെയും വിർച്വൽ ഐ ടി ടീമിൽ ഉൾപ്പെടുത്തേണ്ടതാണ്. പ്രസ്തുത ഉദ്യോഗസ്ഥർ ഐ.ടി. ഡിവിഷനിലെ ഉദ്യോഗസ്ഥരുമായും, ബ്ലോക്ക് തല വിർച്വൽ ഐ ടി ടീമിലെ ഉദ്യോഗസ്ഥരുമായും സദാ സമ്പർക്കം പുലർത്തുകയും ജില്ലാതലത്തിൽ ആവശ്യമായ എല്ലാ സാങ്കേതിക സഹായങ്ങളും നൽകുന്നതിന് ചുക്കാൻ പിടിക്കേണ്ടതുമാണ്.

**ബ്ലോക്ക് തലം**

ഓരോ ബ്ലോക്കിലും, പ്രസ്തുത ബ്ലോക്കിലെ എ.ഡി.എ, ബ്ലോക്കിന് കീഴിലെ കൃഷി ഭവനുകളിൽ നിന്നുള്ള കൃഷി ഓഫീസർമാർ എന്നിവരിൽ നിന്നും കമ്പ്യൂട്ടർ പരിജ്ഞാനമുള്ള രണ്ട് പേരും, ടി ബ്ലോക്കിന് കീഴിലുള്ള കൃഷി ഭവനുകളിലെ കൃഷി അസിസ്റ്റന്റ്മാരിൽ നിന്നും കമ്പ്യൂട്ടർ പരിജ്ഞാനമുള്ള രണ്ട് പേരും ഉൾപ്പെടെ ആകെ നാലു പേരെ ബ്ലോക്ക് തല വിർച്വൽ ഐ ടി ടീമിൽ ഉൾപ്പെടുത്തേണ്ടതാണ്. പ്രസ്തുത ഉദ്യോഗസ്ഥർ ജില്ലാ തല വിർച്വൽ ഐ ടി ടീമിലെ ഉദ്യോഗസ്ഥരുമായി സദാ സമ്പർക്കം പുലർത്തുകയും ബ്ലോക്ക് തലത്തിൽ ഉദ്യോഗസ്ഥരെ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കുവാൻ പ്രാപ്തരാക്കുന്നതിൽ ആവശ്യമായ മുൻകൈ എടുക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ കൃഷിഭവനുകളിൽ ഉണ്ടാകുന്ന സാങ്കേതികമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും, പരിഹാരം നിർദ്ദേശിക്കാൻ കഴിയാത്ത പ്രശ്നങ്ങൾ ജില്ലാതലത്തിലേക്കും, സംസ്ഥാനതലത്തിലേക്കും ഉയർത്തിക്കൊണ്ടു വരുന്നതിനും ഇവർ നേതൃത്വം വഹിക്കുകയും ചെയ്യേണ്ടതാണ്. ബ്ലോക്ക് തലത്തിൽ അനുയോജ്യരായ അംഗങ്ങളെ കണ്ടെത്തി ജില്ലയിലേക്ക് വിവരങ്ങൾ നൽകേണ്ട ചുമതല അതത് ബ്ലോക്കിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കാണ്.

Dr. MOHANDAS, K, PEN 488097
Deputy ...
Directorate of Agriculture Development
and Farmers Welfare Department
Vikas Bhavan, Thiruvananthapuram-695 033

ജില്ലാതലത്തിൽ അനുയോജ്യരായ അംഗങ്ങളെ കണ്ടെത്തി ബ്ലോക്കിൽ നിന്നും കൈമാറിക്കിട്ടിയ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ഉൾപ്പെടെ ജില്ലയിലെ മുഴുവൻ ടീമിന്റെയും പേര് വിവരങ്ങൾ ഉൾപ്പെടുത്തി ജില്ലാ തലത്തിലും, ബ്ലോക്ക് തലത്തിലും വിർച്വൽഐ.ടി.ടീം അംഗങ്ങളെ നാമനിർദ്ദേശം ചെയ്യേണ്ടത് പ്രിൻസിപ്പൽ കൃഷി ഓഫീസർമാരാണ്. പ്രസ്തുത അംഗങ്ങളുടെ ലിസ്റ്റ് ഐ ടി ഡിവിഷന് കൈമാറേണ്ടതാണ്. ടീമിലെ ഉദ്യോഗസ്ഥർ സ്ഥലം മാറിപ്പോകുകയോ, വിരമിക്കുകയോ, ഉദ്യോഗക്കയറ്റം ലഭിച്ച് പോകുകയോ ചെയ്യുമ്പോൾ, പ്രവർത്തന മണ്ഡലത്തിൽ അനുയോജ്യരായ മറ്റ് ഉദ്യോഗസ്ഥരെ കണ്ടെത്തി ടീമിലേക്ക് നിർദ്ദേശിക്കേണ്ട ചുമതല അതത് കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരും, ജില്ലയിലെ വിർച്വൽ ഐ.ടി. ടീം അംഗങ്ങളെ നാമനിർദ്ദേശം ചെയ്യേണ്ടത് പ്രിൻസിപ്പൽ കൃഷി ഓഫീസർമാരാണ്. മാറ്റങ്ങൾ അതാത് സമയം ഐ.ടി.ഡിവിഷനെ അറിയിക്കേണ്ടത് പ്രിൻസിപ്പൽ കൃഷി ഓഫീസർമാരുടെ ചുമതലയാണ്. സ്ഥലം മാറിപ്പോകുന്ന വിർച്വൽ ഐ ടി ടീമിലെ അംഗങ്ങളെ പുതിയ സ്ഥലത്തെ ഐ ടി ടീമിൽ ആവശ്യമെങ്കിൽ ഉൾപ്പെടുത്താവുന്നതാണ്.

**വിർച്വൽ ഐ ടി ടീമിന്റെ യോഗങ്ങൾ**

വിർച്വൽ ഐ ടി ടീമിന്റെ സംസ്ഥാന തല യോഗം എല്ലാ മാസവും ഓൺലൈനായി നടത്തേണ്ടത്തേണ്ടതാണ്. ഓൺലൈൻ യോഗത്തിന്റെ ലിങ്ക് ഐ റ്റി ഡിവിഷനിൽ നിന്നും തയ്യാറാക്കി ജില്ലാ തല അംഗങ്ങൾക്ക് നൽകുന്നതാണ്. ജില്ലാതല അംഗങ്ങളുടെയും ബ്ലോക്ക് തല അംഗങ്ങളുടെയും യോഗം സൗകര്യപ്രദമായ ഒരു ദിവസം എല്ലാ മാസവും ചേരേണ്ടതാണ്. ട്രെയിനിങ്, ഡെമോൺസ്ട്രേഷൻ തുടങ്ങിയവയ്ക്കായി മുഴുവൻ വിർച്വൽ ഐ.ടി. ടീമിന്റെയും യോഗങ്ങൾ ഐ റ്റി ഡിവിഷൻറെ മേൽനോട്ടത്തിൽ നടത്തുന്നതാണ്.

മേൽ ഉത്തരവിൻ പ്രകാരം പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ, അതത് ജില്ലകളിലെ

File No.ADFW/7794/2021-IT2

ജില്ലാ തലത്തിലുള്ള വിർച്വൽ ഐ .ടി. ടീം അംഗങ്ങളുടെ നാമനിർദ്ദേശം ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള 'ഗൂഗിൾ സ്പ്രെഡ് ഷീറ്റിൽ' രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ ബ്ലോക്ക് തല വിർച്വൽ ഐ ടി ടീമിന്റെ വിശദ വിവരങ്ങൾ ക്രോഡീകരിച്ച് 'ഗൂഗിൾ സ്പ്രെഡ് ഷീറ്റിൽ' ജില്ലാ ഓഫീസിൽ നിന്നു തന്നെ രേഖപ്പെടുത്തേണ്ടതും, ആയതിൻറെ പകർപ്പ് ആമുഖ കത്ത് സഹിതം കൃഷി ഡയറക്ടർക്ക് ഇ-മെയിലായി 30/11/2021-ന് മുമ്പായി അയച്ചു നൽകുവാനും ഉത്തരവാകുന്നു.

Sd/-
SUBHASH T.V. IAS
DIRECTOR

സ്വീകർത്താവ്

1) എല്ലാ കൃഷി അഡിഷണൽ ഡയറക്ടർമാർക്കും
2) എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും

Dr. MOHANDAS. K, PEN: 488097
Deputy Director of Agriculture (IT)
Directorate of Agriculture Development
and Farmers Welfare Department
Vikas Bhavan, Thiruvananthapuram-695 033

<u>പകർപ്പ്</u>

1) കൃഷി ഡയറക്ടറുടെ ടി.എ.ക്ക്

2) എല്ലാ ബ്ലോക്ക് തല കൃഷി ആസിസ്റ്റൻറ് ഡയറക്ടർമാർക്കും